**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5260** **23/05/2017-ൽ മറുപടിയ്ക്ക്**

# ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനശാല

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ. വി.എസ്. സുനിൽകുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി)** |

**എ)** മാരക കീടനാശിനി പ്രയോഗിച്ച് കൃഷി ചെയ്ത പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനശാലകളിൽ വില്പന നടത്തുന്നതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

**എ)** ഹോർട്ടികോർപ്പ് സംഭരിച്ച് വിതരണം ചെയ്യുന്ന പച്ചക്കറികളുടെ സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാലയിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലബോറട്ടറിയിൽ അയച്ച് പരിശോധന നടത്താറുണ്ട്. പ്രസ്തുത പരിശോധനകളിൽ മാരക കീടനാശിനികളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടില്ല.

**ബി)** ഇതൊഴിവാക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് കൃഷിവകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

**ബി)** ഹോർട്ടികോർപ്പ് വിപണിക്ക് പച്ചക്കറി നൽകുന്ന കേരളത്തിലെയും കർണ്ണാടകത്തിലെയും തമിഴ്നാട്ടി-ലെയും മൈസൂരിലേയും തിരഞ്ഞെടുത്ത പച്ചക്കറി കർഷകരുടെ കൃഷിയിടങ്ങളിൽ നിന്ന് നേരിട്ട് സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ പരിശോധിച്ച് "സേഫ് ടു ഈറ്റ്" എന്ന ശീർഷകത്തിൽപ്പെടുത്താൻ പറ്റുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

"സേഫ് ടു ഈറ്റ് പദ്ധതി" പ്രകാരം പൊതു-വിപണിയിലെയും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും ശേഖരിക്കുന്ന പഴം, പച്ചക്കറികളുടെ സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ പരിശോധിച്ച് റിപ്പോർട്ട് കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കാർഷിക സർവ്വകലാശാലയു-ടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും പരിശോധനാ ഫലം 3 മാസത്തിൽ ഒരിക്കൽ പ്രസിദ്ധീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ